പയ്യന്നൂർ എഫ്.സി.ഐ ഗോഡൗണിലെ തീപ്പിടുത്തത്തിൽ ദുരൂഹത; നാല് ദിവസത്തിന് ശേഷം പരാതിയുമായി ഏരിയാ മാനേജർ

പോലീസ് കേസെടുത്തു

പയ്യന്നൂർ: എഫ്.സി.ഐ ഗോഡൗണിലുണ്ടായ വൻ അഗ്നിബാധയിൽ ദുരൂഹത. സംഭവം നടന്ന് നാല് ദിവസത്തിന് ശേഷം തീപിടുത്തത്തിന്റെ കാരണം കണ്ടെത്തണമെന്നാവശ്യപ്പെട്ട് അധികൃതർ പോലീസിൽ പരാതി നൽകിയതിനെ തുടർന്ന് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. കഴിഞ്ഞ ചൊവ്വാഴ്ച വൈകീട്ട് ഏഴ് മണിയോടെയാണ് പയ്യന്നൂർ കൊറ്റിയിൽ റെയിൽവേ സ്റ്റേഷൻ സമീപമുള്ള എഫ്.സി.ഐ ഗോഡൗണിൽ വൻ തീപ്പിടുത്തമുണ്ടായത്. വിവരമറിഞ്ഞെത്തിയ ഫയർഫോഴ്സാണ് മണിക്കൂറുകൾ നീണ്ട പരിശ്രമത്തിനൊടുവിൽ തീയണച്ചത്. ഗോഡൗണിൽ താർപ്പായ പൊതിഞ്ഞ നിലയിലായിരുന്നു അരി ചാക്കുകൾ ഉണ്ടായിരുന്നത്. ഇതാണ് കത്തിനശിച്ചത്. വൈദ്യുതി ഷോർട്ട് സർക്യൂട്ടാണ് തീപ്പിടുത്തത്തിന് കാരണമെന്നാണ് സംശയിച്ചിരുന്നത്. ഇതേ തുടർന്ന് ഫുഡ് കോർപ്പറേഷൻ അധികൃതരും മറ്റ് വിദഗ്ധരും എത്തി വിശദമായി അന്വേഷണം നടത്തിയെങ്കിലും വൈദ്യുതി ഷോർട്ട് സർക്യൂട്ടാണ് തീപ്പിടുത്തത്തിന് കാരണമായതെന്ന് കണ്ടെത്താൻ കഴിഞ്ഞില്ല. ഇതിനിടയിൽ തീപ്പിടുത്തത്തിൽ ദുരൂഹത ഉയർത്തി ചില രാഷ്ട്രീയ പാർട്ടികളും രംഗത്തെത്തിയതോടെ സംഭവം വിവാദമാവുകയും ചെയ്തു. ഇതിനിടയിലാണ് എഫ്.സി.ഐ ഏരിയാ മാനേജർ വസന്തരാജ് പരാതിയുമായി ഇന്നലെ പയ്യന്നൂർ പോലീസിൽ എത്തിയത്. തീപ്പിടുത്തത്തിന്റെ കാരണം വ്യക്തമായിട്ടില്ലെന്നും ഇതേ കുറിച്ച് അന്വേഷണം ആവശ്യപ്പെട്ടുമാണ് പരാതി നൽകിയത്. തീപ്പിടുത്തത്തിലെ നാശനഷ്ടം കണക്കാക്കിയിട്ടില്ലെന്നും ഏകദേശം അഞ്ഞൂറ് കിലോയിലധികം അരി നശിച്ചുപോയിട്ടുണ്ടെന്നുമാണ് പരാതിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

തീപ്പിടുത്തത്തിൽ ദുരൂഹത ഉയർത്തി ആദ്യം രംഗത്തെത്തിയത് കോൺഗ്രസാണ്. സംഭവത്തിൽ ദുരൂഹതയുണ്ടെന്നും പൊതുഖജനാവിന് നഷ്ടം വരുത്തിയവർക്കെതിരെ നടപടി വേണമെന്നും സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്നും ആവശ്യപ്പെട്ട് പയ്യന്നൂർ മണ്ഡലം കോൺഗ്രസ് പ്രസിഡണ്ട് കെ. ജയരാജ് കേന്ദ്ര- സംസ്ഥാന ഭക്ഷ്യമന്ത്രിമാർക്ക് പരാതി നൽകി. അതിനിടയിൽ തീപ്പിടുത്തത്തിൽ മോശമായ അരി സപ്ലൈക്കോയ്ക്ക് കൈമാറാനുള്ള എഫ്.സി.ഐ അധികൃതരുടെ നീക്കം പാളി. സപ്ലൈക്കോ മോശമായ അരി എടുക്കാൻ കഴിയില്ലെന്ന നിലപാടിൽ ഉറച്ചുനിന്നതോടെയാണ് അരി മാറ്റി നൽകി പ്രശ്നം പരിഹരിച്ചത്. കത്തിയ ചാക്കിലെ അരി പുതിയ ചാക്കിലാക്കി നൽകാനായിരുന്നു ശ്രമം നടന്നത്.

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന്: 2,835
പവന് :22,680
പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

ചരമം

കുഞ്ഞിരാമൻ

ബക്കളം: കാനൂൽ കുറ്റിപ്രത്ത് നാരായണൻ സ്മാരക വായനശാലയ്ക്ക് സമീപം അരിയേരി കുഞ്ഞിരാമൻ (85) നിര്യാതനായി. ഭാര്യ: നടക്കൽ കൗസല്യ. മക്കൾ: ജയൻ (സി.പി.എം മോട്ടോർ ബ്രാഞ്ച് ബക്കളം, പ്രവാസി തളിപ്പറമ്പ് ഏരിയ കമ്മിറ്റി അംഗം), രജിത, രഞ്ജിത്ത്, റനീഷ് (ദുബായ്). മരുമക്കൾ: ത്രേസ്യാമ്മ, ഹരിദാസൻ (കൂവേരി), നിത്യ, സുജിത(ക്ലർക്ക് ആന്തൂർ നഗരസഭ). സഹോദരങ്ങൾ: ഒതേനൻ, കരുണാകരൻ (മുല്ലക്കൊടി), ശാരദ (കണ്ണാടിപ്പറമ്പ്), പരേതരായ കല്യാണി, പാഞ്ചാലി, കൃഷ്ണൻ.

മറിയക്കുട്ടി

ആലക്കോട്: കോട്ടച്ചോലയിലെ പരേതനായ ഞള്ളിമാക്കൽ ജോസഫിന്റെ ഭാര്യ മറിയക്കുട്ടി (92) നിര്യാതയായി. മക്കൾ: തങ്കച്ചൻ, ജോണി, ജോയി, കുഞ്ഞുമോൻ, അപ്പച്ചൻകുട്ടി, കുട്ടപ്പായി, ഡെയ്സി, പരേതരായ ബേബി, അവിരാച്ചൻ. മരുമക്കൾ: ഏലിയാമ്മ കൊല്ലറക്കുഴിയിൽ, തെയ്യാമ്മ പാണ്ടിക്കുന്നേൽ (ഇരുവരും അരങ്ങ്), തങ്കമ്മ വടക്കത്ത് (ചിറ്റാരിക്കൽ), റോസമ്മ കൊട്ടാരത്തിൽ (പൊട്ടൻപ്ലാവ്), ഫിലോമിന വാണ്ടിയിൽ (വിളക്കണ്ണൂർ), ലൈസമ്മ പുത്തൻപുരയ്ക്കൽ (കട്ടപ്പന), മോളി അറയ്ക്കപ്പറമ്പിൽ (വെള്ളാമനം), പുഷ്പ (അരീക്കാമല), കുട്ടിയച്ചൻ കിഴക്കേപ്പറമ്പിൽ (കൂടരഞ്ഞി).

യുവാവിനെ വീട്ടിൽ കയറി അക്രമിച്ചതിന് ഏഴുപേർക്കെതിരെ കേസ്

പയ്യന്നൂർ: മതിൽ കെട്ടിയതുസംബന്ധിച്ച തർക്കത്തെ തുടർന്ന് യുവാവിനെ വീട്ടിൽ കയറി അക്രമിച്ച സംഭവത്തിൽ ഏഴുപേർക്കെതിരെ പയ്യന്നൂർ പോലീസ് കേസെടുത്തു. കഴിഞ്ഞ ദിവസം കരിവെള്ളൂർ പെരളത്താണ് സംഭവം. പെരളത്തെ അതിയടത്ത് നാരായണന്റെ മകൻ രതീഷിനെ (33) അക്രമിച്ച സംഭവത്തിലാണ് വിനീഷ്, പ്രതിൻ, അഭി, അജിൻ തുടങ്ങി ഏഴുപേർക്കെതിരെ കേസെടുത്ത്. രതീഷ് പിതാവിന്റെ സ്ഥലത്ത് മതിൽ കെട്ടുന്നത് സംബന്ധിച്ച് കപ്പണക്കാരൻ കൃഷ്ണൻ എന്നയാളുമായി തർക്കമുണ്ടായിരുന്നു. ഈ വിരോധത്തിനാണ് കൃഷ്ണന്റെ ബന്ധുക്കളായ പ്രതികൾ ഇരുമ്പുവടി തുടങ്ങിയ മാരകായുധങ്ങളുമായി എത്തി രതീഷിനെ വീട്ടുമുറ്റത്ത് വെച്ച് അക്രമിച്ചതെന്നാണ് പരാതി. പരിക്കേറ്റ രതീഷ് പയ്യന്നൂർ ഗവ.താലൂക്ക് ആശുപത്രിയിൽ ചികിത്സയിലാണ്.

ഓട്ടോ ടാക്സി സ്റ്റാന്റിനെ ചൊല്ലി തളിപ്പറമ്പ് ഹൈവേയിലുണ്ടായ സംഘർഷം

ഓട്ടോ ടാക്സി സ്റ്റാന്റിനെ ചൊല്ലി തർക്കം; ഹൈവേയിലെ ഒരു വിഭാഗം കടകൾ അടച്ച് പ്രതിഷേധം

തളിപ്പറമ്പ: വ്യാപാര സ്ഥാപനങ്ങൾക്ക് മുന്നിൽ ഓട്ടോ ടാക്സികൾ നിരനിരയായി നിർത്തിയിട്ടതിനെ ചൊല്ലി തർക്കം രൂക്ഷമായതിനെ തുടർന്ന് ഹൈവേയിലെ ഒരു വിഭാഗം വ്യാപാരികൾ കടകൾ അടച്ച് പ്രതിഷേധം സംഘടിപ്പിച്ചു. ഇന്ന് രാവിലെയാണ് നഗരസഭ ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിന് മുൻവശം ഹൈവേയുടെ എതിർവശത്തെ ഷോപ്പിംഗ് കോംപ്ലക്സിന് മുന്നിൽ ഓട്ടോ ടാക്സികൾ നിർത്തിയിടാൻ തുടങ്ങിയത്. എ.ഐ.ടി.യു.സിയുടെ നേതൃത്വത്തിൽ കൊടി കുത്തിയാണ് ഇവിടെ ഓട്ടോ ടാക്സികൾ നിർത്തിയിട്ടത്. കഴിഞ്ഞ രണ്ട് വർഷത്തോളമായി നഗരത്തിൽ സർവീസ് നടത്തുന്നവരാണ് ഓട്ടോ ടാക്സികൾ. പക്ഷെ നഗരത്തിലെവിടെയും അവരെ പാർക്ക് ചെയ്യാൻ വിടാറില്ല. കുറെനാളുകളായി നഗരത്തിൽ വാഹനം പാർക്ക് ചെയ്യാൻ സൗകര്യം വേണമെന്ന ആവശ്യവുമായി ഇവർ പോലീസിനെയും നഗരസഭ അധികാരികളെയും സമീപിക്കാൻ തുടങ്ങിയിട്ട്. ഇവർക്ക് സൗകര്യം നൽകണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. കഴിഞ്ഞ ദിവസം നഗരസഭ ഹാളിൽ ചേർന്ന സർവ്വകക്ഷി യോഗത്തിൽ ചില ധാരണയിലെത്തിയിരുന്നു. എന്നാൽ ആ ധാരണക്ക് വിരുദ്ധമായ സ്ഥലത്താണ് ഇന്ന് ഓട്ടോ ടാക്സികൾ പാർക്ക് ചെയ്തതെന്നാണ് വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ പരാതി. ഓട്ടോ ടാക്സികൾ ഉൾപ്പെടെ ഒരുവിധ ടാക്സി വാഹനങ്ങൾക്കും തളിപ്പറമ്പിൽ അംഗീകൃത സ്റ്റാന്റ് ഇല്ല. ഹൈവേയുടെ അരികിലാണ് ടാക്സി കാറുകളും മിനിലോറികളും ഓട്ടോറിക്ഷകളും പാർക്ക് ചെയ്യുന്നത്. ഇതിനിടയിൽ എവിടെയെങ്കിലും തങ്ങൾക്ക് ഒരു പാർക്കിംഗ് സ്ഥലം വേണമെന്ന് മാത്രമാണ് ഓട്ടോ ടാക്സികൾ ആവശ്യപ്പെടുന്നത്. എന്നാൽ വ്യാപാര സ്ഥാപനത്തിന് മുന്നിൽ പാർക്ക് ചെയ്യുന്നതോടെ ഇവിടുത്തെ 25 ഓളം സ്ഥാപനങ്ങൾ പ്രതിസന്ധിയിലാവുമെന്നാണ് വ്യാപാരി സംഘടനയുടെ പരാതി.

സംഘർഷം ഉടലെടുത്തതോടെ വ്യാപാരി നേതാക്കളായ വി.താജുദ്ദീൻ, ജയരാജ് എന്നിവരുടെ നേതൃത്വത്തിൽ വ്യാപാരി നേതാക്കളും സി.ലക്ഷ്മണൻ, എൻ.അബ്ദുറാസാഖ്, പി.വിജയൻ എന്നിവരുടെ നേതൃത്വത്തിൽ എ.ഐ.ടി.യു.സി നേതാക്കളും സ്ഥലത്തെത്തി. സംഘർഷം രൂക്ഷമാവുമെന്ന് കണ്ടതോടെ സ്ഥലത്തെത്തിയ തളിപ്പറമ്പ എസ്.ഐ കെ. ദിനേശൻ ഇരുപക്ഷത്തെയും സ്റ്റേഷനിലേക്ക് വിളിപ്പിച്ചു. വാഹനങ്ങൾ നീക്കം ചെയ്യാത്തതിൽ പ്രതിഷേധിച്ചാണ് വ്യാപാരികൾ കടകൾ അടച്ചത്.

ജീപ്പും ബൈക്കും കൂട്ടിയിടിച്ച് യുവാവിന് പരിക്ക്

ആലക്കോട്: ജീപ്പും ബൈക്കും കൂട്ടിയിടിച്ച് യുവാവിന് പരിക്കേറ്റു. ബൈക്ക് യാത്രികൻ അരങ്ങത്തെ അശ്വിൻ ബിജുവിനാണ് (20) പരിക്കേറ്റത്. ഇന്ന് രാവിലെ അരങ്ങം ജംഗ്ഷനിലാണ് അപകടം. കാലിന് സാരമായി പരിക്കേറ്റ അശ്വിനെ മംഗലാപുരത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ചീട്ടുകളിക്കാരെ പിടികൂടി

ആലക്കോട്: കാർത്തികപുരം പാലത്തിന് സമീപത്തെ കെട്ടിടത്തിൽ ചീട്ടുകളിയിലേർപ്പെട്ട സംഘത്തിലെ രണ്ടുപേരെ പോലീസ് അറസ്റ്റ് ചെയ്തു. കാർത്തികപുരം സ്വദേശികളായ കെ. ബിനു (32), സി. സിറിൽ (29) എന്നിവരെയാണ് ആലക്കോട് എസ്.ഐ ടി. സുനിൽകുമാറും സംഘവും ഇന്നലെ വൈകുന്നേരം പിടികൂടിയത്. 2380 രൂപയും പിടിച്ചെടുത്തു.

ഓട്ടോറിക്ഷ കത്തിനശിച്ചു

ചക്കരക്കൽ: കാപ്പാട് കായിപ്പീടികയിൽ വീട്ടുമുറ്റത്ത് നിർത്തിയിട്ട ഓട്ടോറിക്ഷ കത്തിനശിച്ചു. രമേശന്റെ ഉടമസ്ഥതയിലുള്ള കെ.എൽ 13 യു 7852 ഓട്ടോറിക്ഷയാണ് അഗ്നിക്കിരയായത്. ഇന്ന് പുലർച്ചെ ഒരു മണിയോടെയായിരുന്നു തീപ്പിടിത്തം. വൈദ്യുതി ഷോർട്ട് സർക്യൂട്ടാണ് തീപ്പിടിത്തത്തിന് കാരണമെന്ന് പോലീസ് പറഞ്ഞു.

സ്കൂൾ ബസ് മതിലിലിടിച്ചു

എടക്കാട്: കടമ്പൂർ റോഡിൽ റേഷൻ ഷാപ്പിന് സമീപം സ്കൂൾ ബസ് മതിലിലിടിച്ചു. കടമ്പൂർ സ്കൂളിന്റെ 22-ാം നമ്പർ ബസാണ് അപകടത്തിൽപെട്ടത്. റോഡരികിലെ പാഞ്ചജന്യം വീടിന്റെ മതിലാണ് അപകടത്തിൽ തകർന്നത്. സാരമായി പരിക്കേറ്റ 14 വിദ്യാർത്ഥികളെ തലശ്ശേരി സഹകരണാശുപത്രിയിൽ പ്രവേശിപ്പിച്ചു.

തൂങ്ങിമരിച്ചു

കണ്ണൂർ: ടാക്സി ഡ്രൈവറായ കാട്ടാമ്പള്ളിയിലെ തോണിയോട്ട് കുഞ്ഞിരാമൻ-വത്സല ദമ്പതികളുടെ മകൻ വരുണിനെയാണ് (34) ഇന്ന് പുലർച്ചെ വീട്ടിനകത്ത് ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തി. ഇയാളുടെ ടാക്സികാറുമായി ഇന്ന് പുലർച്ചെ കോഴിക്കോട് വിമാനത്താവളത്തിലേക്ക് ട്രിപ്പ് പോകാൻ തീരുമാനിച്ചവർ വരുണിനെ കാണാഞ്ഞ് അന്വേഷിച്ചപ്പോഴാണ് മരിച്ചനിലയിൽ കണ്ടത്. അവിവാഹിതനാണ്. സഹോദരങ്ങൾ: വൃന്ദ, വർഷ.

കൊള്ളസംഘത്തിന്റെ വേഷവിധാനം പോലീസിനെ കുഴക്കുന്നു

കണ്ണൂർ: പത്രാധിപരെയും ഭാര്യയെയും കെട്ടിയിട്ട് കവർച്ച നടത്തിയ സംഘത്തിന്റെ വേഷവിധാനങ്ങളും പെരുമാറ്റരീതിയും പോലീസിനെ ആശയക്കുഴപ്പത്തിലാക്കുന്നു. സമാന സ്വഭാവമുള്ളതെന്ന് കണക്കുകൂട്ടുന്ന കവർച്ചാസംഭവങ്ങളിലെ തെളിവുകളാണ് ആദ്യഘട്ടത്തിൽ പോലീസ് ശേഖരിച്ചതിൽ പ്രധാനം. കണ്ണൂരിലെ കവർച്ചക്ക് രണ്ട് ദിവസം മുമ്പ് മുണ്ടയാട് എളയാവൂർ അമ്പലം റോഡിലെ ചെന്നൈ സ്വദേശിയുടെ വീട്ടിൽ നടന്ന കവർച്ചാശ്രമത്തിന്റെ സി.സി.ടി.വി ദൃശ്യം പോലീസിന് കിട്ടിയിട്ടുണ്ട്. എന്നാൽ അതിലുണ്ടായിരുന്ന നാലുപേർ പരമ്പരാഗത ഉത്തരേന്ത്യൻ വേഷധാരികളായിരുന്നു. ഒരാളുടെ അരയിൽ തിരുകിവച്ച നിലയിൽ കാണപ്പെട്ടത് റിവോൾവറാണെത്രെ. സ്വന്തം ചെരുപ്പ് അരയ്ക്ക് കെട്ടിവച്ച നിലയിലുമായിരുന്നു ഇവരുടെ നടത്തം. എന്നാൽ കണ്ണൂരിൽ വിനോദ് ചന്ദ്രന്റെ വീട്ടിൽ എത്തിയവർ മാന്യമായി വസ്ത്രധാരണം ചെയ്തവരാകാനിടയുണ്ടെന്നാണ് അനുമാനം. എന്നാൽ അപ്രതീക്ഷിതമായി അടിയേറ്റതോടെ അവരുടെ വേഷവിധാനത്തെ കുറിച്ച് സംശയമില്ലാത്തവിധം വിശദീകരിക്കാൻ കവർച്ചക്കിരയായ ദമ്പതികൾക്ക് കഴിഞ്ഞിട്ടില്ല. തൃപ്പൂണിത്തുറയിൽ നടന്ന കവർച്ചയ്ക്ക് പിറകിൽ പാന്റും ടീഷർട്ടും ധരിച്ചവരായിരുന്നു. രണ്ടിടങ്ങളിലാണ് എറണാകുളം മേഖലയിൽ ഈ സംഘം കവർച്ച നടത്തിയിരുന്നത്. രണ്ടിടങ്ങളിലും കൊള്ള സംഘം വീട്ടുകാരോട് ഉപയോഗിച്ച ഭാഷയ്ക്ക് സമാനമാണ് കണ്ണൂരിൽ കൊള്ളക്കാർ വിനോദ് ചന്ദ്രനോട് സംസാരിച്ചതെന്നത് ഈ സംഘത്തിന്റെ പൊതുസ്വഭാവമായി പോലീസ് കണക്കുകൂട്ടുകയാണ്.

തേപ്പ് ജോലിക്കിടെ ഷോക്കേറ്റ് മരിച്ചു

ചക്കരക്കൽ: തേപ്പ് പണിക്കിടെ യുവാവ് വൈദ്യുതി ലൈനിൽ നിന്ന് ഷോക്കേറ്റ് മരിച്ചു. പാനേരിച്ചാലിലെ മടമ്പത്ത് അനീഷാണ് (29) മരണമടഞ്ഞത്. ഇന്നലെ ഉച്ചയ്ക്ക് രണ്ട് മണിയോടെ മാവിലായിൽ തേപ്പ് പണിക്കിടെയായിരുന്നു അപകടം. മൃതദേഹം ഇന്ന് പയ്യാമ്പലത്ത് സംസ്കരിച്ചു. പിതാവ്: മോഹനൻ. മാതാവ്: അജിത. സഹോദരൻ: മജീഷ്.

സൗമ്യയെ കാണാതായി; റെന്നിയെയും

തളിപ്പറമ്പ: അനുമോദനച്ചടങ്ങിൽ പങ്കെടുക്കാനെന്ന് പറഞ്ഞ് വീട്ടിൽ നിന്നിറങ്ങിയ യുവതിയെ കാണാതായതായി പിതാവിന്റെ പരാതി. മംഗരയിലെ കൊച്ചുകണ്ടത്തിൽ സൗമ്യയെയാണ് (25) ഇന്നലെ മുതൽ കാണാതായത്. ബി. എഡിൽ ഉന്നത വിജയം നേടിയ സൗമ്യ മടമ്പത്തെ ബി. എഡ് കോളേജിൽ ബിരുദധാരികൾക്കുള്ള അനുമോദനച്ചടങ്ങിൽ പങ്കെടുക്കണമെന്ന് പറഞ്ഞാണ് ഇന്നലെ രാവിലെ 11 മണിയോടെ വീട്ടിൽ നിന്നിറങ്ങിയത്. രാത്രി എട്ടുമണിയായിട്ടും തിരിച്ചെത്താത്തതിനെ തുടർന്ന് പിതാവ് കെ.പുരുഷോത്തമൻ തളിപ്പറമ്പ പോലീസിൽ പരാതി നൽകുകയായിരുന്നു. കരുവഞ്ചാൽ ഭാഗത്ത് സർവീസ് നടത്തുന്ന ഒരു ബസിന്റെ ഡ്രൈവറായ റെന്നിയെയും കാണാതായിട്ടുണ്ട്. ഇയാളുടെ കൂടെ പോയതായി സംശയിക്കുന്നതായും പരാതിയിൽ പറയുന്നു.

ആദ്യ ഭാര്യയുടെയും മക്കളുടെയും ആക്രമണത്തിൽ വയോധികന് പരിക്ക്

തളിപ്പറമ്പ: ആദ്യ ഭാര്യയുടെയും മക്കളുടെയും ആക്രമണത്തിൽ വയോധികന് പരിക്ക്. മാന്ത മംഗലം പെരുവാമ്പയിലെ അഞ്ചില്ലത്ത് ഷംസുദീനെ (63) തലക്കും കൈയിലുമേറ്റ പരിക്കുകളോടെ തളിപ്പറമ്പ താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ആദ്യ ഭാര്യ വളക്കൈയിലെ സാറാബീവിയും മക്കളായ ഷാഫിയും ഫാറൂഖും ചേർന്നാണ് തന്നെ ആക്രമിച്ചതെന്ന് ഷംസുദീൻ പറഞ്ഞു. പുതിയ റേഷൻ കാർഡിന് വേണ്ടി സമ്മതപത്രത്തിൽ ഒപ്പ് വെക്കാൻ ചെന്നപ്പോഴായിരുന്നത്രെ അക്രമണം. സമ്മത പത്രത്തിൽ ഒപ്പിട്ട് നൽകാൻ സാറാബീവി തയ്യാറായില്ലത്രെ. തുടർന്ന് വാക്കേറ്റമുണ്ടാവുകയും അടുപ്പിലുണ്ടായിരുന്ന വിറകുകൊള്ളി ഉപയോഗിച്ച് സാറാബീവിയും മക്കളും ഷംസുദീന്റെ തലക്കടിക്കുകയുമായിരുന്നത്രെ.

നാല് വർഷം മുമ്പാണ് പെരുവാമ്പയിലെ ഒരു സ്ത്രീയെ ഷംസുദീൻ രണ്ടാംവിവാഹം കഴിച്ചത്. ഇതിന് ശേഷം ആദ്യഭാര്യയും മക്കളുമായി അത്ര രസത്തിലായിരുന്നില്ലത്രെ.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 272 RNI Reg.No.KER MAL/2007/22043